# ST.MARY'S GHSS PALA

2025 26

# Academic Masterplan

Academic Master Plan 2025 26

ST.MARY'S GHSS PALA

## Contents


**English UP..................................................................**
**Malayalam UP............................................................**
**Hindi UP.....................................................................**
**Social Science UP.....................................................**
**General Science UP...................................................**
**Mathematics UP.........................................................**
**Health & Physical Education.......................................**
**Work Experience........................................................**
**English HS..................................................................**
**Malayalam HS............................................................**
**Hindi HS.....................................................................**
**Social Science HS.....................................................**
**Science HS..................................................................**
**Mathematics HS.........................................................**

UP ENGLISH MASTER PLAN

| | | | | |
|---|---|---|---|---|
| To improve listening skill | Listening- Poem(ICT)<br>• News<br>• Story<br>• Watch Videos<br>• Watch movies<br>• Interviews<br>• Listen English for 10mts everyday<br>• Class room talks | • 1 Year<br>• Once in a week<br>• Once in 3 months<br>• Once in a year<br>• Everyday<br>• Everyday | English Teacher | |
| To improve speaking skill | • Conduct English programme during *sargavela*<br>• Skit and Conversation<br>• Retelling of stories<br>• Debate<br>• Day celebration<br>• Speech on different topic<br>• Completion of stories<br>• Speech on different topic<br>• Retelling of textual stories<br>• Translation of sentences<br>• Competition based on language<br>• Extemporary speech<br>• Description on different topic | • Twice in a month<br>• Once in a month<br>• Twice in a year<br>• Termly<br>• Once in two months<br>• Twice in a year<br>• Once in every month | English teacher | |
| To improve reading skill | • Reader of the month<br>• Formulate words into sentences<br>• Reading corner in the class | • Every month<br>• Once in a month | Class teacher and English teacher | |

| | | | | |
|---|---|---|---|---|
| | • Picture reading<br>• Reading competition<br>• Guided reading session<br>• Encouragers peer learning and cooperation<br>• Vocabulary games<br>• Story cards<br>• Story sequencing activities<br>• Reading comprehension practice<br>• Reading logs | • Once in a month | | |
| To improve writing skill | • Framing sentences and questions<br>• Preparation of magazines<br>• Book review<br>• Arranging a spell-bee competition<br>• Script writing<br>• Hand writing competition<br>• Elaboration of stories<br>• Class wise English fest<br>• Poster designing<br>• Invitation card diary writing<br>• E-mail writing<br>• Daily journal writing<br>• Picture based writing<br>• Guided writing practices<br>• Word bank and sentence making<br>• Letter writing<br>• Fill in the blanks<br>• Paragraph writing with hints | • Once in a week<br>• Yearly<br>• Once in three months<br>• Text book activity<br>• Termly<br>• Once in tree months<br>• Every day<br>• Textual activity | English techaer | |

യു.പി. മലയാളം

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പഠനമികവ് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാവിവരണം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠനത്തിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ്.എം. അവതരണമികവ്. | **സെന്റ് മേരീസ് എഫ്.എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം.<br>(സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

| | | | | |
|---|---|---|---|---|
| വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ................. | September to October | ഹിന്ദി നിഘണ്ടു. | PTA,BRC Resource Teacher |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| S.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി,മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | JUNE to AUGUST | അക്ഷരചാർട്ട്<br>പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പഠിതാവിലേക്ക് നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്ര ബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ സജ്ജരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ സജ്ജരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5) സഹജീവികളോട് സഹഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച നാണയത്തുട്ടുകൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാനസികതലം സൃഷ്ടിക്കുന്നു. മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിരീക്ഷണം കൊണ്ടെത്ത രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്**<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര**<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു സമാഹാരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രമേഖലകൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്പോ-എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രിന്ററിന്റെ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. [illegible], പസിലുകൾ, ഫ്ലാഷ് കാർഡ്,...... ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും [illegible] വികാസവും | **ഒറിഗാമി ശിൽപശാല**<br>[illegible] ഗണിതാശയങ്ങൾ മനസിലാക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ കണ്ടെത്തുന്നു, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ [illegible] | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് [illegible] ഗണിത ക്ലബ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം [illegible] | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി [illegible] പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | ഗണിത ക്ലബ്, പി.ടി.എ. |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് [illegible] ക്ലാസുകൾ [illegible] | വർഷത്തിൽ [illegible] | ഗണിത അധ്യാപകർ, ക്ലബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, [illegible] പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് [illegible] കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നാക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികാസം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഗണിതപര പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ നടപ്പിലാക്കുന്നു | ആവശ്യാനുസരണം | SRG | |

# മാസ്റ്റർ പ്ലാൻ 2025-26

## ആരോഗ്യ കായിക വിദ്യാഭ്യാസം

| NO | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും എയ്റോബിക്സ്, സുംബ പരിശീലനം | ജൂൺ ഒന്ന് മുതൽ ഫെബ്രുവരി വരെ | സ്കൂൾതല സമിതികൾ, കായിക അധ്യാപിക | വിദ്യാലയ വികസന സമിതി, പിടിഎ, പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശസ്ഥാപനങ്ങൾ | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പരിശീലനം ലഭ്യമാകുക എന്ന ലക്ഷ്യത്തോടെ |
| 2 | ആരോഗ്യ കായിക വിദ്യാഭ്യാസം | തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് അത്ലറ്റിക്, നീന്തൽ പരിശീലനം | ജൂൺ ഒന്ന് മുതൽ നവംബർ വരെ | സ്കൂൾതല സമിതികൾ, കായിക അധ്യാപിക | വിദ്യാലയ വികസന സമിതി, പിടിഎ, പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശസ്ഥാപനങ്ങൾ | ഘട്ടം ഘട്ടമായി മാത്രമേ ഈ പ്രവർത്തനം പൂർത്തിയാകാൻ സാധിക്കൂ |
| 3 | ആരോഗ്യ കായിക വിദ്യാഭ്യാസം | താല്പര്യമുള്ള കുട്ടികൾക്ക് ഷട്ടിൽ, ബാഡ്മിന്റൺ, കരാട്ടെ, യോഗ പരിശീലനം | ജൂലൈ മുതൽ ആഴ്ചയിൽ ഒരു ദിവസം | സ്കൂൾതല സമിതികൾ, കായിക അധ്യാപിക | വിദ്യാലയ വികസന സമിതി, പിടിഎ, പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശസ്ഥാപനങ്ങൾ | താല്പര്യമുള്ള കുട്ടികളെ മത്സരത്തിന് പങ്കെടുപ്പിക്കുന്നു |

# അക്കാദമിക മാസ്റ്റർ പ്ലാൻ.

**ആമുഖം**

കുട്ടികളുടെ സമഗ്ര പുരോഗതി ആർജ്ജനത്തിൽ കലാവിദ്യാഭ്യാസം വലിയ പങ്കാണ് വഹിക്കുന്നത്. കേരളത്തിൽ ആദ്യമായി ആണ് സ്കൂൾ പഠനത്തിന് ഒരു പുസ്തകം നിലവിൽ വന്നിരിക്കുന്നത്. അത് വിനിമയം ചെയ്യപ്പെടേണ്ടത് അത്യാവശ്യമാണ്. കുട്ടികൾക്ക് കലാപരിശീലനം നടത്തുന്നതിനും കലാ അനുഭവം ആർജിക്കുന്നതിനും കലാ അവതരണങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള വേദികളും അവസരങ്ങളും സ്കൂളിലും കുട്ടിയുടെ ജീവിത പരിസരത്തും ഉണ്ടാകേണ്ടതാണ്. അത്തരത്തിൽ ആയിരിക്കണം സ്കൂൾ അന്തരിക്ഷവും, പഠന പരിശീലന വേദികളും തയ്യാറാക്കപ്പെടേണ്ടത്. അത്തരത്തിൽ ആത്മവിശ്വാസവും അറിവുകളും അനുഭവങ്ങളും പകർന്നു കിട്ടേണ്ട അവസരങ്ങളാണ് കലാ വിദ്യാഭ്യാസത്തിലൂടെ കുട്ടികൾക്ക് ലഭ്യമാകുന്നത്. കലാമേഖലകളിലേക്കുള്ള തൊഴിലിടങ്ങളും അതിനുള്ള അവസരങ്ങളും കലാമേഖലകളിലേക്കുള്ള ഉപരിപഠനവും അതുമായി ബന്ധപ്പെട്ട വിവരങ്ങളും കുട്ടികൾക്ക് സ്കൂൾ കാലഘട്ടത്തിൽ തന്നെ ലഭ്യമാകേണ്ടതാണ്. അത്തരത്തിൽ സർഗാത്മകമായ ഒരു സ്കൂൾ അന്തരീക്ഷം വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

## 2025 26 അധ്യായനവർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

1. വ്യത്യസ്തമായ കലാ ആവിഷ്കാരങ്ങൾ നടത്താൻ അനുയോജ്യമായ അന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി പ്രത്യേക ദിനാചരണങ്ങളിൽ കുട്ടികളുടെ കലാവിഷ്കാരങ്ങൾ ഉറപ്പുവരുത്തിയായിരിക്കണം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടേണ്ടത്.
2. ഓണം, ക്രിസ്തുമസ്, റംസാൻ, തുടങ്ങിയ ആഘോഷങ്ങൾക്ക് മത്സരാധിഷ്ഠിതം അല്ലാതെ കുട്ടികളുടെ കലാപ്രകടനങ്ങൾ നിർബന്ധമാക്കണം.
3. സ്കൂൾ അസംബ്ലികൾ കലാപ്രകടനങ്ങളുടെ കൂടെ വേദിയാകേണ്ടതാണ്.
4. സ്കൂൾ ഇടങ്ങൾ സർഗത്മകമായി ഒരുക്കുന്നതിന്റെ ഭാഗമായി ചുവരുകളിൽ ചിത്രങ്ങളും ഉദ്യാനങ്ങളിൽ ശില്പങ്ങളും ഉണ്ടാകണം.
5. ഓരോ ക്ലാസ് മുറിയിലും കുട്ടികളുടെ കലാ മികവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള സർഗ്ഗാത്മക ചുവരുകൾ, ബോർഡുകൾ സ്ഥാപിക്കണം.
6. സ്കൂളിന് പുറത്ത് നടക്കുന്ന ചിത്രശിൽപ്പ പ്രദർശനങ്ങൾ, സംഗീത പരിപാടികൾ, സിനിമ പ്രദർശനങ്ങൾ, മറ്റു കലാ അവതാരങ്ങൾ തുടങ്ങിയവ കാണുന്നതിനും പങ്കാളികളാകുന്നതിനും കുട്ടികളുടെ യാത്രകൾ,ഫീൽഡ് ട്രിപ്പ് മുതലായ സംഘടിപ്പിക്കും.
7. പ്രാദേശികലാ ചിത്രകലാ , സംഗീത , നാടക , നൃത്ത പരിശീലന സ്ഥാപനങ്ങൾ, മ്യൂസിയങ്ങൾ തുടങ്ങിയവ പഠനയാത്രകളിൽ ഉൾപ്പെടുത്തും.
8. കലാമൂല്യമുള്ള സിനിമകൾ, ഡോക്യുമെൻററികൾ എന്നിവ സ്കൂളിൽ പ്രദർശിപ്പിക്കും.
9. ഫിലിം ക്ലബ്ബ് രൂപീകരിച്ച് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കും.
10. സ്കൂൾ നാടകങ്ങൾ, ചിത്ര പ്രദർശനങ്ങൾ , സംഗീത പരിപാടികൾ എന്നിവ കുട്ടികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കും.
11. സ്കൂൾ മ്യൂസിക് ബാൻഡ് സംഘടിപ്പിക്കും.

12. ലിറ്റിൽ കൈറ്റ്സുമായി സഹകരിച്ചുകൊണ്ട് സ്കൂൾ ടിവി, സ്കൂൾ റേഡിയോ എന്നിവ ആസൂത്രണം ചെയ്യും.

13. സാങ്കേതികവിദ്യയിലധിഷ്ഠിതമായ വിദ്യാഭ്യാസത്തിൻറെ പ്രാധാന്യം തിരിച്ചറിഞ്ഞ് നവീന സാങ്കേതികവിദ്യ ഉൾപ്പെടുത്തികൊണ്ടുള്ള കലാ പഠനം കുട്ടികൾക്ക് ഉറപ്പാക്കും.

14. കലയിലെ ഉപരിപഠന സാധ്യതകളെയും, തൊഴിൽ സാധ്യതകളെയും കുറിച്ച് വിദഗ്ധരെ ഉൾപ്പെടുത്തി കുട്ടികൾക്ക് അറിവ് നൽകും. സെമിനാർ, സിമ്പോസിയം, പഠന ക്യാമ്പ് എന്നിവ ഇതിനായി സംഘടിപ്പിക്കും.

15. പാഠപുസ്തകവിനിമയത്തിൽ ഉപരി 2025 26 കാലയളവിൽ വളരെ വിശാലമായ കാഴ്ചപ്പാടോടുകൂടി നമ്മുടെ സ്കൂളിൽ സമഗ്ര കലാ വിദ്യാഭ്യാസം നടപ്പിലാക്കും.

16 . സ്കൂൾ കലോൽസവങ്ങൾക്കു വളരെയധികം പ്രാധാന്യം നൽകണം . കാരണം എല്ലാ കുട്ടികളുടെയും പങ്കാളിത്തം ലഭ്യമാകുന്നത് സ്കൂൾ കലോൽസവങ്ങളിലാണ് .

**നടപ്പിലാക്കേണ്ട സജ്ജീകരണങ്ങൾ.**

1. ആർട്ട് ലാബ്/ആർട്ട് റൂം.

കുട്ടികൾക്ക് കലാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രത്യേക ക്ലാസ്സ് റൂം ആവശ്യമാണ്. അവിടെ ആവശ്യമായ കലാസാമഗ്രികൾ, ഡിസ്പ്ലേ ബോർഡുകൾ, ലൈറ്റുകൾ, കമ്പ്യൂട്ടർ പ്രൊജക്ടർ, ഷെൽഫ്, മേശ, കസേര തുടങ്ങിയവ ആവശ്യത്തിനനുസരിച്ച് സജ്ജീകരിക്കേണ്ടതാണ്. എസ് സി ഇ ആർ ടി യുടെ ആർട് ലാബ് മാതൃക ഇതിനായി പ്രയോജനപ്പെടുത്താം.

2. ലഭ്യമായ ലഘു സംഗീത ഉപകരണങ്ങൾ കീബോർഡ്, റിഥം പാഡ് , ജംപേ തുടങ്ങിയവ സ്കൂളിൽ ലഭ്യമാക്കാം. ഇതിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ഉപയോഗപ്പെടുത്താം.

3. സ്കൂൾ ടിവി, സ്കൂൾ റേഡിയോ തുടങ്ങിയവ സജ്ജീകരിക്കാൻ ഗ്രീൻ സ്ക്രീൻ, ലൈറ്റുകൾ, കണ്ടൻസർ മൈക്ക് , എഡിറ്റിംഗ് കമ്പ്യൂട്ടർ എന്നിവ സജ്ജീകരിക്കും . മിനിമം സജ്ജീകരണങ്ങൾ കൈറ്റ് ഉപകാരണങ്ങളാൽ നിർമ്മിക്കാം, മറ്റുള്ളവക്ക് പ്രത്യേകം ഫണ്ട് ആവശ്യമാണ്.

**നടപ്പിലാക്കേണ്ട സജ്ജീകരണങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ:**

1. സ്കൂൾ സമിതി.
2. പിടിഎ നേതൃത്വം.
3. എസ് എം സി
4. ജനപ്രതിനിധികൾ
5. മുനിസിപ്പാലിറ്റി

തുടങ്ങിയവരുടെ മേൽനോട്ടത്താലും സഹായത്താലും ലഭ്യമാക്കാം.

<u>സമർപ്പണം</u>

**അഞ്ജു എസ് നായർ**
**കലാഅധ്യാപിക**
**സെൻറ് മേരീസ് ജി എച്ച് എച്ച് എസ്**
**പാലാ**

പ്രവൃത്തി പരിചയ വിദ്യാഭ്യാസം

അക്കാദമിക മാസ്റ്റർ പ്ലാൻ

| നം. | മാസം | പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | പങ്കാളിത്തം |
|---|---|---|---|---|
| 1. | ജൂൺ | • പ്രകൃതി സൗഹൃദ ക്യാമ്പസ്<br>• പ്രകൃതിയുടെ സസൂക്ഷ്മ നിരീക്ഷണം | • പൂന്തോട്ടം മെച്ചപ്പെടുത്തൽ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധന മേഖലയായി പ്രഖ്യാപിക്കുക | • ക്ലാസ്സ് :07<br>• ക്ലാസ്സ് :<br>•<br>• 08,09<br>ക്ലാസ്സ് 08,09 |
| 2. | ജൂലൈ | • തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിൽ കൃഷിയുടെ പ്രാധാന്യം | • കുട്ടികളിൽ കൃഷിയുടെ താല്പര്യം വർദ്ധിപ്പിക്കുക സ്ഥലപരിമിതിയെ മറികടന്ന് കൃഷി ചെയ്യുന്ന വിധം ജലസേചന സൗകര്യം ഒരുക്കി കൊടുക്കൽ വിപണനം | ക്ലാസ്സ് 08,09 |
| 3 | ആഗസ്റ്റ് | • കുട്ടികൾക്ക് സമൂഹത്തോടുള്ള പ്രതിബദ്ധത വളർത്തുക പാരിസ്ഥിതിക സ്ഥാപിക്കുക വേണ്ടിയുള്ള സുസ്ഥിരമായ പ്രവർത്തനം | • പേപ്പർ ബാഗ് നിർമ്മാണം | ക്ലാസ്സ് 08,09 |

| | | | |
|---|---|---|---|
| സെപ്റ്റംബർ | • പ്രവർത്തിപരിചയ പരിശീലനം | കുട്ടികളെ മത്സരത്തിൽ പങ്കെടുപ്പിക്കുക. മികച്ച ഉൽപ്പന്ന നിർമ്മിക്കുകയും മേളകളിൽ പങ്കെടുപ്പിക്കുകയും ചെയ്യുക. | ക്ലാസ് 08, 09 |
| ഒക്ടോബർ | • സ്വയം തൊഴിൽ പരിശീലനം | സ്വയം തൊഴിൽ നൈപുണി വികസനത്തിന്റെ ഭാഗമായി തയ്യൽ, കൃഷി പരിശീലനം ഇവയിൽ പരിശീലനം നൽകുന്നു | ക്ലാസ് 08,09 |
| നവംബർ | • വസ്ത്ര നിർമ്മാണം | ലളിതമായ വസ്ത്രങ്ങൾ നിർമ്മിക്കുക,ഫാബ്രിക് പെയിൻറിങ്,അലങ്കാര തയ്യൽ,സ്റ്റെൻസിൽ പ്രിന്റിംഗ് എന്നിവയിൽ പരിശീലനം നൽകുന്നു | ക്ലാസ് 08,09 |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠനട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, ക്ലാസ് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സ്ഥാപനങ്ങൾ |



Scanned with OKEN Scanner
Scanned with OKEN Scanner

## മേഖല – ക്ലാസ് റൂം – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പഠിക്കാൻ താൽപര്യം വളർത്തുക. | **സ്മാർട്ട് ക്ലാസ്:** സാമൂഹ്യശാസ്ത്ര ലാബുകൾ പ്രവർത്തിക്കുന്നു. ദൃശ്യ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക. സാമൂഹ്യ പരിജ്ഞാനങ്ങളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്വിസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **ഭൂപടശാലയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മെഗാ ക്വിസ് റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് വർക്ക് etc. സിനിമ ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) ചരിത്ര ഇടം കണ്ടെത്തുക, ജലാശയങ്ങളെക്കുറിച്ചും, കാവുകൾ, നാട്ടറിവുകൾ, ചരിത്രങ്ങൾ ഇവയെപ്പറ്റിയും പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര മ്യൂസിയം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര വസ്തുക്കളുടെ പ്രദർശനം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം രസകരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |



Scanned with CamScanner
Scanned with CamScanner

### Area - English language learning

| Aim | Activity | Period | Assigned by | Expense |
|---|---|---|---|---|
| Listening. Gives ample opportunities for listening. | Teachers give opportunities for listening to stories, news, etc... | Once a week. | English teachers | Nil |
| Speaking. Gives ample opportunities for speaking. | Teacher gives a topic in the class and asks children to speak 2-3 minutes about it. Encourages students to speak in English in the class. | Twice a week. | English teachers | Nil |
| Reading. Gives ample opportunities for reading. | Teacher lets students read English newspapers. Encourages students to read English story books from the library. | Once a week. | English teachers | Nil |
| Writing. Gives ample opportunities for speaking. | Teacher gives a topic and asks to write a story on it. Teacher gives some lines of a poem and asks students to add more lines. | Once a week. | English teachers | Nil |
| Comprehension. | Teachers ask students to listen to a short story or a news segment and then answer questions to check their understanding | Once a week | English teachers | Nil |

| | | | | |
|---|---|---|---|---|
| Vocabulary Building. | Teachers introduce new words each week and ask students to use them in sentences. A vocabulary quiz can be conducted at the end of each month. | Once a week | English teachers | Nil |
| Grammar Practice. | Teachers provide exercises on different grammar topics such as tenses, prepositions, conjunctions, etc. | Once a week | English teachers | Nil |
| Pronunciation Improvement | Teachers familiarize children with correct pronunciation of the words. Students practice difficult sounds and words, and participate in speaking exercises. | Once a week | English teachers | Nil |
| Group Discussions | Teachers organize group discussions on various topics. Students are divided into small groups and each group presents their views on the topic. | Once a week | English teachers | Nil |
| English film festival. | Organize an English Film Festival where students watch | Once a month | English club | Nil |

# മാസ്റ്റർ പ്ലാൻ 2025-26

## മലയാളം

| NO | പ്രവർത്തനങ്ങൾ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അക്ഷരം ഉറപ്പിക്കൽ | വിവിധ മാർഗങ്ങളിലൂടെ ദിവസം ഒരക്ഷരം ഉറപ്പിക്കുന്നു. | 3 മാസം | മലയാളം അധ്യാപകർ | |
| 2 | വായന പരിപോഷിപ്പിക്കൽ | ലൈബ്രറി പുസ്തകങ്ങൾ എല്ലാ ദിവസവും ഉച്ചയ്ക്ക് 15 മിനിറ്റ് കുട്ടികൾ വായിക്കുന്നു.<br><br>തലേദിവസത്തെ പത്രം പിറ്റേദിവസം രാവിലെ രണ്ട് മിനിറ്റ് വാർത്ത വായന നടത്തുന്നു | ജൂൺ - ജനുവരി | മലയാളം അധ്യാപകർ | |
| 3 | ആശയ സംക്ഷിപ്തത | പാഠഭാഗത്തെ കേന്ദ്ര ആശയങ്ങൾ ചോദ്യാധിഷ്ഠിതമായി ക്രമീകരിച്ച എഴുതാൻ ശീലിപ്പിക്കുന്നു. | ജൂൺ - ഫെബ്രുവരി | മലയാളം അധ്യാപകർ | |
| 4 | ദിനാചരണം | ഭാഷ സംബന്ധിയായ ദിനങ്ങളെക്കുറിച്ച് മലയാളം പീരിയഡുകളിൽ അവബോധം നൽകുന്നു. | ജൂൺ - ജനുവരി | മലയാളം അധ്യാപകർ | |
| 5 | വിദ്യാരംഗം കലാസാഹിത്യ വേദി | ഉപന്യാസം, കഥാരചന, പുസ്തകാസ്വാദനം, കവിത പാരായണം, പ്രസംഗ പരിശീലനങ്ങൾ | ജൂൺ - ഡിസംബർ | മലയാളം അധ്യാപകർ | |
| 6 | വ്യവഹാര രൂപങ്ങൾ | പാഠഭാഗം മറ്റു വ്യവഹാര രൂപങ്ങളിലേക്ക് ആവിഷ്കരിക്കുന്നു | ജൂൺ നവംബർ | മലയാളം അധ്യാപകർ | |
| 7 | പഠന പുരോഗതി കൈവരിക്കൽ | ക്ലാസ് ടെസ്റ്റ് , യൂണിറ്റ് ടെസ്റ്റ്, പാഠവായന -കണ്ടെത്തൽ | ജൂൺ - ജനുവരി | മലയാളം അധ്യാപകർ | |
| 8 | പകർത്തെഴുത്ത് | 8 9 ക്ലാസുകളിൽ ഭംഗിയായും അക്ഷരത്തെറ്റ് ഇല്ലാതെയും എഴുതൽ | ജൂൺ - ഫെബ്രുവരി | മലയാളം അധ്യാപകർ | |
| 9 | സാഹിത്യകാരന്മാരെ പരിചയപ്പെടൽ | ഐസിടി സാധ്യതകൾ ഉപയോഗിച്ച് മലയാളം ക്ലാസിൽ പരിചയപ്പെടുന്നു | ജൂൺ - ജനുവരി | മലയാളം അധ്യാപകർ | |

# ACADEMIC MASTER PLAN -HINDI

## क्षेत्र: शैक्षणिक हिंदी

सामान्य उद्देश्य

विद्यालय में प्रवेश लेने वाले सभी विद्यार्थियों में प्रभावी ढंग से हिंदी लिखने, पढ़ने और बोलने की क्षमता विकसित करना।

यह सुनिश्चित करना कि सभी विद्यार्थी प्रत्येक इकाई में आवश्यक अधिगम परिणाम प्राप्त करें।

हिंदी भाषा सीखने को सरल, मनोरंजक और आकर्षक बनाने के लिए गतिविधियों की योजना बनाना।

हिंदी भाषा सीखने के माध्यम से बच्चों में भाषा प्रेम और देशभक्ति का विकास करना।

उपयुक्त अधिगम गतिविधियाँ प्रदान करके विकलांग विद्यार्थियों को उत्कृष्टता प्राप्त करने में सक्षम बनाना।

## 8 वीं कक्षा

छात्रों को अक्षरों, प्रतीकों आदि को पहचानने का प्रशिक्षण देता है। उच्चारण का परिचय देता है।

सप्ताह के अंकों का परिचय देता है।

छात्रों को आसानी से हिंदी लिखने और पढ़ने का प्रशिक्षण देता है।

पढ़ने के अभ्यास को विशेष महत्व देता है। कार्टून और लघु कथाएँ पढ़कर विचार प्रस्तुत कर सकता है।

## गतिविधियाँ

वर्णमाला वाले कार्ड देता है। अक्षरों को ज़ोर से पढ़ता है।

समय

लघु

ऑडियो-विजुअल की मदद से उच्चारण का अधिक परिचय देता है।

कक्षा के प्रत्येक छात्र से अपनी जन्मतिथि हिंदी में लिखने को कहता है। वर्कशीट प्रदान करता है। हिंदी कैलेंडर तैयार करता है। /

श्रवण बोध, पदसूर्य और समस्या समाधान प्रदान करता है।

मध्य अगस्त- सितंबर

कक्षा 9

## गतिविधियाँ

हिंदी पढ़ने और लिखने में पिछड़े बच्चों को

वर्कशीट दी जाती हैं। उन्हें पढ़ने के लिए चित्र पुस्तकें दी जाती हैं।

जुलाई

ढूँढने का अभ्यास और भी बेहतर होता है।

वे संज्ञा, सर्वनाम और विशेषण समझते हैं। वे वाक्य संरचना का अभ्यास करते हैं। वे छोटे नारे लिखना जानते हैं।

वे पोस्टर बनाना, कविताएँ पढ़ना और प्रशंसा नोट तैयार करना जानते हैं।

चार्ट दिए जाते हैं। उन्हें उसमें से सर्वनाम और विशेषण ढूँढने को कहा जाता है। उन्हें कविता और कहानी भरने को कहा जाता है। उन्हें साइनबोर्ड लिखकर कक्षा में प्रदर्शित करने को कहा जाता है।

एक पोस्टर का मॉडल दिया जाता है। विभिन्न विषय दिए जाते हैं। उन्हें कक्षा में प्रदर्शित किया जाता है और उनका मूल्यांकन किया जाता है। उन्हें छोटी कविताएँ देकर कक्षा में प्रशंसा नोट प्रस्तुत करने को कहा जाता है।

मध्य अगस्त- सितंबर

कक्षा 10

## उद्देश्य

बच्चों की भाषा सुधारने के उद्देश्य से भाषा संबंधी गतिविधियाँ आयोजित की जाती हैं।

## गतिविधियाँ

मंच पर एक नाटक प्रस्तुत किया जाता है। उन्हें प्रसंग के अनुसार संवाद तैयार करने को कहा जाता है।

साहित्यिक अभिरुचि विकसित करने के लिए, हिंदी सप्ताह के दौरान हिंदी कला उत्सव का अच्छे ढंग से आयोजन किया जाता है। बच्चों की सर्वोत्तम भागीदारी सुनिश्चित की जाती है।

कविता पाठ, कहानी, काव्यपाठ और पोस्टर निर्माण का आयोजन किया जाता है।

### मध्य अगस्त - सितंबर - अक्टूबर

विचारों को विभिन्न तरीकों से व्यक्त किया जाता है। वे कहानी को पटकथा में बदलना जानते हैं। वे चरित्र लक्षणों पर नोट्स बनाना जानते हैं। वे डायरी लिखना जानते हैं।

पाठ में प्रसंग दिए जाते हैं। उन्हें पात्रों पर आधारित ऐतिहासिक नोट्स तैयार करने को कहा जाता है। उन्हें प्रतिदिन एक डायरी लिखने का निर्देश दिया जाता है।

### नवंबर - जनवरी

# SCIENCE

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്ര ലാബിന്റെ നവീകരിക്കൽ | ബയോളജിയുമായി ബന്ധപ്പെട്ട Specimen , slide മറ്റ് സാമഗ്രികൾ പ്രത്യേകം ക്രമീകരിക്കൽ | 1 മാസം | Bio-Tr | |
| 2 | ശാസ്ത്രാഭിരുചി വളർത്തൽ | School level Quiz, Research type Projects, Observation | വർഷത്തിൽ ഒരു തവണ | Science Club | |
| 3 | പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | Extra time teaching, അധ്യാപകൻ-കുട്ടി, കുട്ടി-കുട്ടി എന്നിങ്ങനെ 2 തലത്തിൽ പരിശീലനം | മാസത്തിൽ 3 തവണ | Bio-Tr | |
| 4. | മോഡൽ നിർമ്മാണം | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡൽ നിർമ്മാണം | 6 മാസത്തിൽ ഒരിക്കൽ | Bio-Tr | |
| 5 | ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ലേഖനങ്ങൾ ഉൾപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കൽ | വർഷത്തിൽ ഒരിക്കൽ | സയൻസ് ടീച്ചർ | |
| | ബഹിരാകാശ പതിപ്പ് | ബഹിരാകാശവുമായി ബന്ധപ്പെട്ട അറിവുകൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | മാസത്തിൽ ഒരിക്കൽ | സയൻസ് ടീച്ചർ | |
| 6 | ശാസ്ത്ര കൊളാഷ് നിർമ്മാണം | ശാസ്ത്ര പതിപ്പുകളിൽ നിന്നും ശേഖരിച്ച ശാസ്ത്രജ്ഞന്മാരുടെ ചിത്രം ശേഖരിച്ച് കൊളാഷ് നിർമ്മാണം | മാസത്തിൽ ഒരു തവണ | സയൻസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | | പകരുന്ന പുസ്തകങ്ങൾ ശേഖരിച്ച് ലൈബ്രറി തയ്യാറാക്കൽ | ഒരു തവണ | | |
| 8 | ഔഷധസസ്യ പതിപ്പ് | ഔഷധസസ്യങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ | മാസത്തിൽ ഒരു തവണ | സയൻസ് ടീച്ചർ | |
| 9 | പ്രകൃതി സൗഹൃദം വളർത്തുക | ഔഷധത്തോട്ട നിർമ്മാണം, പരിചരണം പച്ചക്കറിത്തോട്ട നിർമ്മാണം, പൂന്തോട്ട നിർമ്മാണം, പരിചരണം | മൂന്ന് മാസത്തിനുള്ളിൽ | സയൻസ് ക്ലബ്, പരിസ്ഥിതി ക്ലബ് | |
| 10 | ജല സംരക്ഷണം | മഴവെള്ള സംഭരണി സംരക്ഷണം | വർഷം മുഴുവൻ | പരിസ്ഥിതി ക്ലബ് | |
| 11 | പരിസ്ഥിതി സംരക്ഷണം | പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം, ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിക്കൽ | വർഷം മുഴുവൻ | പരിസ്ഥിതി ക്ലബ് | |
| 12 | ശാസ്ത്ര അഭിരുചി വളർത്തൽ | സയൻസ് സെമിനാർ, ശാസ്ത്രജ്ഞന്മാരുടെ ലഘു ചരിത്രം തയ്യാറാക്കൽ ശാസ്ത്ര നാടകം, ശാസ്ത്ര ലേഖനം, ശാസ്ത്ര ക്വിസ് | വർഷം മുഴുവൻ | സയൻസ് ക്ലബ്. | |
| 13 | ശാസ്ത്രം സമൂഹത്തിലേക്ക് വ്യാപിപ്പിക്കൽ | 1. ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള അവതരണം<br>2. വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്. | |

| | | | | | |
|---|---|---|---|---|---|
| | ഇനിയുള്ള ശാസ്ത്രബോധം വളർത്തൽ | വർദ്ധിപ്പിക്കുന്നു | | | |
| 15 | ശാസ്ത്രലോകത്തേക്ക് | ഫീൽഡ് ട്രിപ്, സയൻസ് സിറ്റി കുറവിലങ്ങാട് സന്ദർശനം | 6 മാസത്തിനകം | Teachers, PTA | |
| 16 | വൈജ്ഞാനിക ബഹിർസ്ഫുരണം | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും, പരിചയപ്പെടുത്തുന്നു, ശാസ്ത്രകലാകാരന്മാരുമായി സംവദിക്കൽ | വർഷം മുഴുവൻ | Teachers, PTA | |
| 17 | ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ മൂന്ന് മാസം | സയൻസ് ക്ലബ്ബ്. | |
| 18 | ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ പ്രയോജനപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കുന്നു, ചോദ്യപേപ്പർ സമഗ്രയിൽ അപ് ലോഡ് ചെയ്യൽ | വർഷം മുഴുവൻ | സയൻസ് ക്ലബ്ബ്. | |

# St. Mary's GHSS Pala

## Academic Master Plan 2025 - 26 Mathematics

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ<br><br>ഗണിതത്തിലെ ഏറ്റവും അടിസ്ഥാന ആശയങ്ങളെ കുട്ടികളിൽ എത്തിക്കുക. | ശില്പശാല സംഘടിപ്പിക്കുക<br><br>സംഖ്യകൾ വെറുതെ എഴുതി അവയുടെ ക്രിയകൾ ചെയ്യിക്കുകയാണെങ്കിൽ അതിൽ കുട്ടികൾക്ക് പൊതുവേ താല്പര്യം ഉണ്ടാവുകയില്ല. അതിനാൽ ചില പ്രവർത്തനങ്ങളിലൂടെ സംഖ്യകൾ ഉണ്ടാക്കുക, ഇങ്ങനെ ഉണ്ടാകുന്ന സംഖ്യകളുടെ പ്രത്യേകതകളും രസങ്ങളും കണ്ടെത്തി ആസ്വദിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നതിലൂടെ ഗണിതത്തിലെ അടിസ്ഥാന ക്രിയകളായ ചതുഷ്ക്രിയകൾ കുട്ടികളിൽ സ്വാഭാവികമായി ഉറപ്പിക്കുക. | ജൂൺ ആദ്യവാരം | ഗണിത അധ്യാപകർ | ടീച്ചർ ഗ്രാന്റ് |
| ഗണിത ലാബ് സജ്ജമാക്കൽ | ഗണിത ലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസുകൾ നടത്തുക. വിവിധ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വിവിധ തരത്തിലുള്ള രൂപങ്ങൾ നിർമ്മിക്കുന്നു. ഗണിത സവിശേഷതകൾ കണ്ടെത്തി പഠിക്കപ്പെടുന്നു, പ്രദർശനം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഗണിത ക്ലബ്ബ് | പി. ടി. എ. പ്രസിഡന്റ് |

| | | | | |
|---|---|---|---|---|
| **നിർമ്മിതികളിലെ ശേഷി കൈവരിക്കൽ**<br><br>സ്കെയിലും കോണമാപിനിയും ഉപയോഗിച്ച് കൃത്യമായി അളക്കാനും വരക്കാനും കുട്ടി പഠിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. | സംഘ പഠനം<br><br>ഉപകരണങ്ങൾ അനായാസം ഉപയോഗിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകുക. സ്കെയിൽ, കോമ്പസ്, പ്രൊട്രാക്ടർ, സെറ്റ് സ്ക്വയർ എന്നിവയുടെ സഹായത്തോടെ തന്നിരിക്കുന്ന അളവുകളിലുള്ള രൂപങ്ങൾ നിർമ്മിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിത ക്ലബ്ബ് | പി .ടി .എ |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | **ഗണിത ഗ്രാമം**<br><br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവരെ) കണ്ടെത്തി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യാൻ ഏൽപ്പിക്കുന്നു.<br><br>**ഗണിത ക്ലിനിക്**<br><br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദേശങ്ങളും സഹായങ്ങളും നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. ആത്മവിശ്വാസം വളർത്തുന്ന തരത്തിൽ അവരിലേക്ക് എത്തുന്നു.<br><br>**പീർ ടീച്ച് സംഘടിപ്പിക്കുക** | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | പി .ടി .എ |

| | | | | |
|---|---|---|---|---|
| ആവശ്യമുള്ള പഠനോപകരണം കൈവരിക്കുക | പഠന ലക്ഷ്യങ്ങൾ വ്യക്തമായി നിർവചിക്കുക<br>അധ്യാപനത്തിലൂടെ പഠന പ്രതിഫലങ്ങൾ കൈവരിക്കുക<br>ഓരോ അധ്യായത്തിലും പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ആശയവൽക്കരണം ആഴത്തിൽ നടത്തുക | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | പി .ടി .എ |
| പ്രവർത്തന അധിഷ്ഠിത സമീപനം | ഗണിത ശാസ്ത്ര പാഠങ്ങൾ പ്രവർത്തനങ്ങളിലൂടെ അവതരിപ്പിക്കുക.<br>ഗ്രൂപ്പ് ചർച്ചകൾ, കളികൾ, മാതൃക നിർമ്മാണം, പ്രായോഗിക കണക്കുകൾ മുതലായവ ഉപയോഗിക്കുക.<br>വിദ്യാർത്ഥികളുടെ ആവിഷ്കാര ശേഷിയും അന്വേഷണ മനോഭാവവും ഉണർത്തുക | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | പി .ടി .എ |
| **ഗണിത പാർക്ക്** | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കുക. | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിത ക്ലബ്ബ് | പി .ടി .എ |
| ദിനാചരണം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു.<br>നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.<br>Themed Weeks (Eg: Geometry Week, Puzzle Day) | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | സ്കൂൾ ഫണ്ട് |
| **ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കുക** | ആധുനികശാസ്ത്ര സാങ്കേതികവിദ്യകളുടെ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക . | ഗണിതക്ലബ്ബുകളിലും മറ്റ് അവധി ദിവസങ്ങളിലും | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | പി .ടി .എ |

| | | | | |
|---|---|---|---|---|
| ബഹുമുഖ ബുദ്ധിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക | ഗണിത ആശയങ്ങൾ കഥയാക്കൽ (Eg: ഗണിതത്തിലുള്ള ഒരു കഥ), സംഖ്യകൾക്കുള്ള കവിത/പാട്ടുകൾ, ആശയങ്ങൾ വിശദീകരിച്ച് എഴുതൽ<br>രേഖകൾ വരയ്ക്കൽ<br>ഗണിത താളങ്ങൾ ഉപയോഗിച്ച് പാട്ടുകൾ (e.g. formula songs)<br>ഗണിത ലയങ്ങൾ (Patterns & Rhythms)<br>ഗണിതചർച്ചകൾ / ഡിബേറ്റുകൾ / ഗെയിമുകൾ | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | അധ്യാപകർ | പി .ടി .എ |
| രക്ഷിതാക്കളെ ബോധവൽക്കരിക്കുക | പി.ടി എ. നടത്തുന്നു.<br>മാതാപിതാക്കൾക്കും അവർക്കാവുന്ന പുസ്തകങ്ങൾ നൽകുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ | പി.ടി.എ |
| വിലയിരുത്തലുകൾ | ഘട്ടംഘട്ടമായ മൂല്യനിർണ്ണയം ഉപയോഗിക്കുക<br>സർഗാത്മക പ്രവർത്തനങ്ങൾ, പ്രവർത്തനപത്രങ്ങൾ.<br>ക്വിസ്, ടെസ്റ്റ് പേപ്പറുകൾ, വേഗത്തിൽ കണക്കുകൂട്ടൽ എന്നിവ | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | പി.ടി.എ |